(സി) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് 43399 ഹെക്ടർ (107196 ഏക്കർ) ഭൂമി മിച്ചഭൂമിയായിട്ടുണ്ടായിരുന്നു.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1168.82 ഹെക്ടർ (2887 ഏക്കർ) മിച്ചഭൂമി വിതരണം ചെയ്തു.

തിരുവനന്തപുരം ജില്ലയിൽ സുനാമി ദുരന്തവുമായി ബന്ധപ്പെട്ട് ഉണ്ടായ നഷ്ടം

77 [1810] *ശ്രീ. എം. എ. വാഹീദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ കഴിഞ്ഞ സുനാമി ദുരന്തവുമായി ബന്ധപ്പെട്ട് എത്ര തുകയുടെ നഷ്ടം ഉണ്ടായിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഈ നഷ്ടം പരിഹരിക്കുന്നതിന് ഇതുവരെ എത്ര തുക ചെലവഴിച്ചു; വിശദാംശം വെളിപ്പെടുത്താമോ;

(സി) ഇതുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലയിൽ ദുരിതബാധിതർക്ക് പണം കൈമാറിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഏകദേശം 31537 ലക്ഷം രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്.

(ബി) ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഉൾപ്പെടെ 328.13 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) പണം കൈമാറിയിട്ടില്ല.

സുനാമിമൂലം നാശനഷ്ടം സംഭവിച്ചവരെ സഹായിക്കുന്നതിനുവേണ്ടി നടത്തിയ ധനശേഖരണം

78 [1811] *ശ്രീ. വി. ജെ. പൗലോസ്:*

„ *ടി. യു. രാധാകൃഷ്ണൻ:*

„ *പി. ജെ. ജോയി:*

ഡോ. എം. എ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമിമൂലം നാശനഷ്ടം സംഭവിച്ചവരെ സഹായിക്കുന്നതിനുവേണ്ടി ഏതെല്ലാം വ്യക്തികളും സ്ഥാപനങ്ങളും ധനശേഖരണം നടത്തിയിട്ടുണ്ട്; ഇതിൽ ഏതെല്ലാം രാഷ്ട്രീയ കക്ഷികൾ ഉൾപ്പെടുന്നു;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സുനാമിയോടനുബന്ധിച്ച് ഓരോരുത്തരും എന്തു തുക വീതം ശേഖരിച്ചിട്ടുണ്ടെന്ന് കാണിക്കുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ;

(സി) ഈ തുക പിരിച്ചവർ ആ തുകയിൽ നിന്ന് എന്തു തുക ചെലവഴിച്ചു എന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) സുനാമിമൂലം നാശനഷ്ടം സംഭവിച്ചവരെ സഹായിക്കുന്നതിനു വേണ്ടി ധനശേഖരണം നടത്തുവാൻ വ്യക്തികളെയോ, സ്ഥാപനങ്ങളെയോ, രാഷ്ട്രീയ കക്ഷികളെയോ സർക്കാർ ചുമതലപ്പെടുത്തിയിട്ടില്ല.

(ബി) & (സി) ചോദ്യം 'എ'യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ പ്രസക്തമല്ല.

സുനാമി ഫണ്ട് വിനിയോഗം

79 [1812] *ശ്രീ. കെ. പി. രാജേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സുനാമി ദുരന്തത്തെ തുടർന്ന് സ്വരൂപിച്ച ഫണ്ട് ഡിസാസ്റ്റർ മാനേജ്മെന്റ് ഡിപ്പാർട്ട്മെന്റ് വഴിയാണോ ചെലവഴിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) വിദ്യാഭ്യാസ വകുപ്പ്, സഹകരണ വകുപ്പ്, വിവിധ സർക്കാർ വകുപ്പുകൾ, സെക്രട്ടേറിയറ്റ് ജീവനക്കാർ, വിവിധ ജില്ലകളിൽ നിന്നും സ്വരൂപിച്ചതുൾപ്പെടെ എത്ര തുക പിരിഞ്ഞു കിട്ടി;

(സി) സുനാമി ഫണ്ട് മറ്റേതെങ്കിലും ആവശ്യങ്ങൾക്കായി വകമാറ്റി ചെലവഴിച്ചിട്ടുണ്ടെന്ന പരാതി സർക്കാർ പരിശോധിച്ചിട്ടുണ്ടോയെന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) സുനാമി ദുരന്തത്തെ തുടർന്ന് സ്വരൂപിച്ച ഫണ്ട് ധനകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലാണ് നിക്ഷേപിച്ചിട്ടുള്ളത്. അതുകൊണ്ട് റവന്യൂ വകുപ്പും ഡിസാസ്റ്റർ മാനേജ്മെന്റ് വകുപ്പും ഭരണാനുമതി നൽകുന്ന പ്രകാരം ധനകാര്യ വകുപ്പിൽ നിന്നാണ് ടി തുക ചെലവഴിക്കുന്നത്.

(ബി) വിദ്യാഭ്യാസ വകുപ്പ്, സഹകരണ വകുപ്പ്, വിവിധ സർക്കാർ വകുപ്പുകൾ, സെക്രട്ടേറിയറ്റ് ജീവനക്കാർ എന്നിവരുടെ പക്കൽ നിന്നും സംഭാവനയായി 19,68,80,147 രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly